# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെന്മണിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി10)1588/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/12/2024
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മണിക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി10)1588/2024 | തീയ്യതി: 18/12/2024

# തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-07-2023 മുതൽ 08-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റഫിജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2024 | 15-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2024 | 15-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സബിത എസ്., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ഹണി കെ. എസ്., ഓഡിറ്റ് ഓഫീസർ
ജയൻ വി. എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
കന്തസ്വാമി ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ
സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി.എസ് ബൈജു | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| അജിത കെ | സെക്രട്ടറി | 01-04-2023 | 16-05-2023 |
| മാറ്റ്ലി എം സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-05-2023 | 28-05-2023 |
| അജിത കെ | സെക്രട്ടറി | 29-05-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഷ്മ എം.സി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| മാറ്റ്ലി എം.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ.അശ്വിൻ സി.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 23-01-2024 |
| ഡോ.രാഗി.പി.ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 24-01-2024 | 31-03-2024 |
| അജിത്ത് രാജ് ഇ.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.സോന കെ.ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ.രഘു സി.ബി | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ജീനു ലാസർ വി.എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| അനൂപ് സോമൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ജിബിന.എം.എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഷൈജ എം.വി | വി ഇ ഒ ,നെന്മണിക്കര സർക്കിൾ | 01-04-2023 | 19-07-2023 |
| സുധ.പി.വി | വി ഇ ഒ ,നെന്മണിക്കര സർക്കിൾ | 20-07-2023 | 31-03-2024 |
| സൗമ്യ ജോർജ്ജ് കെ | വി ഇ ഒ,തലോർ സർക്കിൾ | 01-04-2023 | 31-03-2024 |
| വിൻസെൻ.സി.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്ററിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല | 1-1-4 |
| 6 | അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-6 |
| 8 | വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | മുൻകൂറായി ലഭിച്ച വരുമാനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-10 |
| 12 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഫണ്ട് വിനിയോഗം | 1-3 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമ പദ്ധതികൾ | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | മുൻകൂർ/ഡെപ്പോസിറ്റ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-9 |
| 21 | ഇ-ടെണ്ടർ ഫീ തുക തനതു ഫണ്ടിൽ അടവാക്കിയില്ല | 1-10 |
| 22 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 23 | ഫുട്ബോൾ ടർഫ് അനധികൃതമായി പ്രവർത്തിക്കുന്നു | 1-12 |
| 24 | ലൈസൻസ് ഫീസ് നിർണ്ണയിച്ചതിലെ അപാകങ്ങൾ | 1-13 |
| 25 | ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല | 1-14 |
| 26 | സദ്ഭരണ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-15 |
| 27 | വെതർ സ്റ്റേഷൻ തുടർ നടപടികൾ-സംബന്ധിച്ച് | 1-16 |

| | | |
|---|---|---|
| 28 | കാലാവസ്ഥാ വ്യതിയാനം-പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-17 |
| 29 | ഭരണസമിതിയോഗമിനിറ്റ്സ്-സമയപരിധിക്കകം ക്ലോസ് ചെയ്യുന്നില്ല | 1-18 |
| 30 | ആംബുലൻസ് - രേഖകൾ അപൂർണ്ണം | 1-19 |
| 31 | അമൃതം ഫുഡ് - വിതരണക്കാരിൽ നിന്നും ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കിയില്ല | 1-20 |
| 32 | മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-21 |
| 33 | കാലിത്തീറ്റ വിതരണം - ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല | 1-22 |
| 34 | മാർഗ്ഗരേഖക്ക് വിരുദ്ധമായി ലാപ്ടോപ്പ് വിതരണം - 38500 രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 35 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - 19250 രൂപ തടസപ്പെടുത്തുന്നു | 1-24 |
| 36 | വിദ്യാഭ്യാസ ധനസഹായം ഒരു വിദ്യാർത്ഥിക്ക് രണ്ട് തവണ സഹായം നൽകി- 20000 രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 37 | സൗഭാഗ്യവതി-പെൺകുട്ടികൾക്കുള്ള ദീർഘകാല വിദ്യാഭ്യാസ തൊഴിൽ വിവാഹ ധനസഹായ പദ്ധതി - വിവരങ്ങൾ അപൂർണ്ണം | 1-26 |
| 38 | ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 39 | മാലിന്യസംസ്കരണം- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ - അവലോകനം | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക ധനകാര്യപത്രിക -സംക്ഷിപ്തം |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ.

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06.06.2024 തീയതിയിലെ 2/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06.07.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**
**തീയതി : 18.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3690591 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1170746.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ലെ "Prior Period Expenditure" എന്ന ഷെഡ്യൂളിൽ 290800601 എന്ന ലെഡ്ജറിൽ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ച തുകക്ക് അംഗീകരിക്കപ്പെട്ട വൗച്ചറോ രേഖപ്പെടുത്തലിന് പിൻബലം നൽകുന്ന വർക്ക്ഷീറ്റോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31.03.2024 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800601 – Prior Period Expenses – Revenue Grants & Contributions | (-)20,780.00 |

## 1-1-4 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 [ചട്ടം58(4)എച്ച്] എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2023-24 ലെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളുടെ ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് സാമ്പത്തിക വർഷാവസാനം (31.03.2024ൽ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ശീർഷകം | വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|---|---|
| 1 | 110100101- Property Tax On Residential Buildings (Current) | 42301427/31-03-2024 | 25,90,941.00 |
| 2 | 110100102- Property Tax On Non-Residential Buildings (Current) | 42301428/31-03-2024 | 41,49,642.00 |
| 3 | 110200101- Profession Tax - Institutions | 42301421/31-03-2024 | 75,250.00 |
| 4 | 130100101- Rent Receivables From Buildings (Current) | 42301418/31-03-2024 | 2,04,751.00 |
| 5 | 110200105- Receivables For Profession Tax - Traders (Current) | 42301416/31-03-2024 & 42301439/31-03-2024 | 5,75,250.00<br>5,500.00 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-6 ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2023-24 വർഷത്തെ Income And Expenditureപത്രിക [I-17(A)] പ്രകാരം 1,45,93,729 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-7 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുകയും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകളും പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

I) വസ്തുനികുതി കുടിശ്ശിക- റസിഡൻഷ്യൽ -വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4852 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *0<br>*31.03.2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

Ii) വസ്തുനികുതി കുടിശ്ശിക-നോൺ റെസിഡൻഷ്യൽ-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| | ഡിമാന്റ് |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 669283 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 669295 |
| | (31.03.2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |
| | (128503+574257 =702760/105x100) |

## 1-1-8 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ
4. പാരമെഡിക്കൽസ്ഥാപനങ്ങളുടെ രജിസ്റ്റർ
5. Dog & Pig ലൈസൻസ് രജിസ്ററർ
6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
7. വാടക ഡിമാന്റ് രജിസ്റ്റർ
8. ലേലം രജിസ്റ്റർ

## 1-1-9 മുൻകൂറായി ലഭിച്ച വരുമാനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വരുമാനം | മുൻകൂർ ശീർഷകം | 31.03.2024 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues - Profession Tax/Inst/Trad/Prof | 347290 |
| | | | |

| | | | |
|---|---|---|---|
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues – Licence Fees For Factories, Traders, Enterprenuers And Other Services | 287760 |

## 1-1-10 മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മുൻകൂർ ആയി തുക കൈമാറിയിട്ടുണ്ട്. 2023-24 ൽ മരുന്ന് മുഴുവൻ ആയി ലഭ്യമായിട്ടില്ല. മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31.03.2024 ൽ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ-460500501" എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തുക തെറ്റായി ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി. വിശദാംശം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | 31.03.2024 ൽ ലഭിക്കുവാൻ ബാക്കിയുള്ള മരുന്ന് (വില) | ബുക്ക്ചെയ്ത ശീർഷകം |
|---|---|---|---|---|
| 24/24 നെന്മണിക്കര കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 42301246/29.02.2024 | 99,588 | 25,741 | 251110108-Allopathy- Purchase Of Medicines For Hospital |
| | 42301245/29.02.2024 | 85,296 | 23,621 | |
| | 42301244/29.02.2024 | 68,818 | 40,510 | |

## 1-1-11 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. നിശ്ചയിച്ച പ്രകാരമുള്ള സമയക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

02-03-2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | തൻവർഷം വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1,72,82,398 | 26,34,92,000 | 28,07,74,398 | 26,33,38,000 | 1,74,36,398 |

12-02-2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 2 പ്രകാരം 2023-24 വർഷത്ത പരിഷ്ക്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | തൻവർഷം വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1,55,52,216 | 26,54,22,558 | 28,09,74,774 | 26,64,75,210 | 1,44,99,564 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷവരവ് | GO Project | ആകെ | ചെലവ് | ലാപ്സ് ആയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11613302 | 1223698 | 12837000 | 12205424 | 631576 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4761572 | 280428 | 5042000 | 5042000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 7816000 | | 7816000 | 4544253 | 3271747 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2218000 | | 2218000 | 2195863 | 22137 |
| ആകെ | 0 | 26408874 | 1504126 | 27913000 | 23987540 | 3925460 |

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) | 250299 | 2196400 | 2446699 | 1446859 | 999840 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 2019082 | 1594000 | 3613082 | 2952618 | 660464 |
| Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 1357 | 362562 | 363919 | 94410 | 269509 |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 44605 | 853235 | 897840 | 639298 | 258542 |
| ICDS | 675925 | 574531 | 1250456 | 221206 | 1029250 |
| Literacy Scheme | 89064 | 2434 | 91498 | 0 | 91498 |
| Grants From Suchitwa Mission | 0 | 416874 | 416874 | 411874 | 5000 |
| Total Sanitation | 915682 | 0 | 915682 | 5000 | 910682 |
| Vimukthi | 12180 | 0 | 12180 | 4570 | 7610 |
| Keralotsavam | 5810 | 0 | 5810 | 0 | 5810 |
| Panchayat Yuva Krida Aur Khel Abhiyan | 152043 | 0 | 152043 | 0 | 152043 |

| | | | | | |
|---|---|---|---|---|---|
| Other Schemes | 350000 | 0 | 350000 | 0 | 350000 |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | 1695372 | 0 | 1695372 | 0 | 1695372 |
| Life State Share | 6140 | 3190250 | 3196390 | 2440250 | 756140 |

വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നിവയുടെ വരവുകളിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 94755477 | 152 | 45613720 | 0 | 81 | 65.23 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 3262563 | 10 | 2450684 | 75.12 |
| വെറ്റിനറി സർജൻ | 5 | 1357750 | 5 | 903900 | 66.57 |
| സബ് ഇൻസ്പെക്ടർഓഫ് ഫിഷറീസ് | 3 | 420000 | 0 | 0 | 0 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 24 | 5651026 | 19 | 3842117 | 67.99 |
| വി.ഇ.ഒ | 19 | 26023648 | 15 | 10761536 | 41.35 |
| ICDS സൂപ്പർ വൈസർ | 10 | 4757752 | 10 | 2934848 | 61.69 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 300000 | 1 | 250000 | 83.33 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 51 | 19391508 | 40 | 12908275 | 66.57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 89 | 28696615 | 38 | 7879233 | 27.46 |
| അസിസ്റ്റന്റ് സെക്രട്ടറി | 20 | 4894615 | 14 | 3683127 | 75.25 |
| | 233 | 94755477 | 152 | 45613720 | 48.14 |

അംഗീകാരം ലഭിച്ച 233 പദ്ധതികളിൽ എണ്ണം 152 (65.23%) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകയിൽ 48.14% മാത്രം ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടന ചുമതലയാണ്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 605162 | 605162 | 601685 | 3477 |
| ഗുണഭോക്താകൾക്ക് നേരിട്ട് നല്കുന്നത് | 0 | 7918590 | 7918590 | 7918590 | 0 |
| മെറ്റിരീയൽ വർക്ക് | 0 | 104195 | 104195 | 104195 | 0 |
| ആകെ | 0 | 8627947 | 8627947 | 8624470 | 3477 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 24,07,400 | 184 |
| വിധവാപെൻഷൻ | 1,09,92,100 | 996 |
| വാർദ്ധക്യകാല പെൻഷൻ | 2,05,76,100 | 1911 |
| വികലാംഗ പെൻഷൻ | 30,82,500 | 279 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,70,200 | 96 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 60,000 | 2 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2024 തീയതിയിൽ 3:00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35771 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 മുൻകൂർ/ഡെപ്പോസിറ്റ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല

വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവർത്തികൾക്കും, 460509901-Advance To Others എന്ന ശീർഷകത്തിലൂടെ മുൻകൂറായും നൽകിയ തുകകൾ ക്രമീകരിക്കാത്തതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**1. അഡ്വാൻസ്**

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശീർഷകം 460509901-Advance To Others എന്ന ശീർഷകത്തിൽ 85,000.00 നീക്കിയിരുപ്പായി കാണുന്നു. എന്നാൽ മേൽ തുക നൽകിയ തീയതി, ആർക്ക് നൽകി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേൽ തുക ക്രമീകരിക്കാൻ സാധിക്കാത്ത പക്ഷം ഇവ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

**2. ഡെപ്പോസിറ്റ്**

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.84/22/ത.സ്വ.ഭ.വ തീയതി 19.04.2022, ഖണ്ഡിക 12-1 (ഡി) പ്രകാരം കേരള ജല അതോറിട്ടി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകണ്ടതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന തുകകൾ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവർത്തിക്കായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തുകകൾ ഏത് വർഷമാണ് നൽകിയത് എന്ന വിവരങ്ങൾ ഡിപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | ഡെപ്പോസിറ്റ് നൽകിയ സ്ഥാപനം | തുക |
|---|---|---|
| 1 | കേരള ജല അതോറിറ്റി | 45,97,195.00 |
| 2 | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 22,51,752.00 |
| 3 | ഭൂജല വകുപ്പ് | 1,24,420.00 |
| 4 | പൊതുമരാമത്ത് വകുപ്പ് | 10,55,000.00 |

പദ്ധതി മാർഗ്ഗരേഖ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി. പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ പദ്ധതി നിർവഹണ കാലാവധി, നിർവഹണ രീതി എന്നിവ സംബന്ധിച്ച് നിർവഹണ ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. മേൽ പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങളും പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിന് വിശദീകരണവും നൽകേണ്ടതാണ്.

## 1-10 ഇ-ടെണ്ടർ ഫീ തുക തനതു ഫണ്ടിൽ അടവാക്കിയിട്ടില്ല

2022-23 വർഷം ഇ-ടെൻഡർ ഫീ ഇനത്തിൽ 31.03.2024-ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പുതുക്കാട് ശാഖയിലെ എസ് ബി ഐ അക്കൗണ്ട് നമ്പർ 37122529501-ൽ 1,20,721.50 രൂപ നീക്കിയിരുപ്പുണ്ട്. ആയത് പഞ്ചായത്തിന്റെ തനതുഫണ്ടിലേയ്ക്ക് സാമ്പത്തിക വർഷാവസാനം ഒടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക എത്രയും വേഗം പഞ്ചായത്തുഫണ്ടിൽ അടവാക്കാനുള്ള നടപടി സ്വീകരിയേയ്ക്കണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ-20/24 തീയതി-15.11.2024)

## 1-11 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തികവർഷം ആകെ 576 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ കോഡ് പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 654 |
| 2 | ഓഡിറ്റോറിയം | 8 |
| 3 | ലോഡ്ജ് /ഹോസ്റ്റൽ | 15 |
| 4 | ഹോട്ടൽ/ഫുഡ് കോർട്ട് | 27 |
| 5 | സലൂൺ/സ്പാ | 4 |
| 6 | ഹെൽത്ത്കെയർ ഇൻസ്റ്റിറ്റ്യൂഷൻസ് | 12 |
| 7 | മാർക്കറ്റ് | 2 |
| 8 | പൗൾട്രി/അറവുശാല/ഫിഷ് സ്റ്റാൾ | 3 |
| ആകെ | | 725 |

ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം ആപ്ലിക്കേഷനിൽ നിന്നും ലഭ്യമായതു പ്രകാരം കച്ചവട സ്ഥാപനങ്ങൾ മാത്രം 654 എണ്ണത്തോളം പ്രവർത്തിക്കുന്നുണ്ടെങ്കിലും ആകെ 576 സ്ഥാപനങ്ങൾക്കു മാത്രമേ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. അതിനാൽ പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2023-24 സാമ്പത്തിക വർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/14.11.2024) ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ആയതിനാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ഓരോ വാർഡിലെയും വാണിജ്യ കെട്ടിടങ്ങൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതാണ്.

## 1-12 ഫുട്ബോൾ ടർഫ് അനധികൃതമായി പ്രവർത്തിക്കുന്നു

സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ തീയതി 22.03.2023 ഉത്തരവ്, 05.04.2023-ലെ സ.ഉ.(അ)നം.25/23/ത.സ്വ.ഭ.വ എന്നിവയ്ക്ക് വിധേയമായി 01.04.2023 മുതൽ പ്രാബല്യത്തിൽ സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (വാണിജ്യ സ്വഭാവത്തോട് കൂടിയവ) അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ചതുരശ്ര മീറ്ററിന് 40 രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ഇത്തരം

സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ലെങ്കിലും സ്ഥലപരിശോധന നടത്തിയതിൽ പഞ്ചായത്ത് പരിധിയിൽ വൺടച്ച് ഫുട്ബോൾ അരീന എന്ന പേരിൽ ഒരു ടർഫ് പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെ പഞ്ചായത്തിൽ നിന്നും നമ്പർ ലഭിക്കുകയോ, അനുമതിയോ കൂടാതെ അനധികൃതമായി പ്രവർത്തിച്ചു വരുന്ന പ്രസ്തുത സ്ഥാപനത്തിനെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/14.11.24) 467/21 നമ്പർ ഫയൽ പ്രകാരം കെട്ടിട ഉടമ നമ്പറിങ്ങിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ന്യൂനത പരിഹരിക്കുന്നതിന് 28.01.2021, 07.07.2022 തീയതികളിൽ കത്ത് നൽകിയിരുന്നുവെങ്കിലും അപേക്ഷകൻ ന്യൂനത പരിഹരിച്ച് ഫയൽ സമർപ്പിക്കാത്തതിനാൽ കെട്ടിടത്തിന് അനധികൃത നിർമ്മാണത്തിനുള്ള നമ്പർ നൽകുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 235എഎ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് 14.11.2024 തീയതിയിൽ കെട്ടിട ഉടമയെ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ കെട്ടിടത്തിന് യു.എ നമ്പർ നൽകി കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കുടിശ്ശിക സഹിതം വസ്തുനികുതിയായി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് നിർണ്ണയിച്ചതിലെ അപാകങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ചട്ടം 10 ലെ പട്ടിക-II-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിൻറെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II-ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പ്രസ്തുത ഭേദഗതി പ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസ് ആയി തരംതിരിച്ച് ആയവയ്ക്ക് ഈടാക്കുന്ന പരമാവധി ലൈസൻസ് ഫീ യഥാക്രമം 500, 1000, 5000, 10000, 15000 എന്ന നിരക്കിൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് പ്രകാരം സ്ഥാപനങ്ങളെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഓരോ സ്ലാബിനും വേണ്ട ലൈസൻസ് ഫീസ് നിരക്ക് പഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ചിട്ടില്ല. അതിനാൽ 2023-24 വർഷത്തെ ഓഡിറ്റിനായി ലഭ്യമാക്കിയ FTEOS ലൈസൻസ് രജിസ്റ്ററും, ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | മേഖല | ഗണം | പൊല്യൂഷൻ കൺട്രോൾ ബോർഡ് കൺസന്റ് നമ്പർ | PCB കൺസന്റ് പ്രകാരമുള്ള സ്ഥാപന ത്തിന്റെ മൂലധന നിക്ഷേപം (ലക്ഷത്തിൽ) | നിലവിൽ ഈടാക്കുന്ന ലൈസൻസ് ഫീ | ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | കോസ്റ്റ് ലൈൻ ഗാരേജസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | സേവന മേഖല | മീഡിയം എന്റർപ്രൈസസ് | PCB/DO/TSR/R2/ ICO/2658/2021 തീയതി 04.10.2021 | 355 | 2000 | 10000 |
| 2. | സൂര്യ ഇൻഡസ്ട്രീസ് | ഉൽപാദന മേഖല | മിനി എന്റർപ്രൈസസ് | ഉടമസ്ഥൻ സാക്ഷ്യപ്പെടുത്തിയത് | 35 | 500 | 1000 |
| 3. | വെസ്റ്റേൺ പ്ലാസ്റ്റിക് പ്രോസസ്സിംഗ് പ്രൈവറ്റ് ലിമിറ്റഡ് | ഉൽപാദന മേഖല | സ്മോൾ എന്റർപ്രൈസസ് | PCB/DO/TSR/R1/ ICO/6482/2019 തീയതി 27.11.2019 | 303.51 | 2000 | 5000 |
| 4. | സതേൺ ഇന്ത്യ പോളി പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | ഉൽപാദന മേഖല | സ്മോൾ എന്റർപ്രൈസസ് | PCB/TSR/IC/ 8226/2016, തീയതി 23.09.2019 | 187 | 1000 | 5000 |
| 5. | TVS മൊബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ് | സേവന മേഖല | സ്മോൾ എന്റർപ്രൈസസ് | KSPCB/TS/ICO/ 10006044/2023, തീ.06.06.2023 | 172 | 2000 | 5000 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്രമ നമ്പർ 1 & 2-ലെ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത്. കൂടാതെ ഉൽപാദന മേഖലയിൽ സ്മോൾ എന്റർപ്രൈസസിൽ ഉൾപ്പെടുന്നതുമായ ക്രമ നമ്പർ 3 & 4-ലെ സ്ഥാപനങ്ങളിൽ നിന്നും ഏകീകരണ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിന് പകരം വ്യത്യസ്തമായ തുകയാണ് ലൈസൻസ് ഫീസിനത്തിൽ ഈടാക്കിയിരുന്നത്. ക്രമ നം.5 ലെ സ്ഥാപനത്തിൽ നിന്നും 1001-നും 5000-ത്തിനും ഇടയിലുള്ള തുക ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഭരണസമിതി ഓരോ സ്ലാബിനുമുള്ള നിരക്ക് നിശ്ചയിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. ഈ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/14.11.2024) സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ തീരുമാനപ്രകാരം കാലോചിതമായി വർദ്ധിപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ പറഞ്ഞ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സംരംഭങ്ങൾക്ക് മൂലധനത്തിന്റെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് നിർണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ ലൈസൻസ് ഫീസ് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## <u>1-14 ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല</u>

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച മൂന്ന് പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**<u>1. 73/24 കൂടിലെ മത്സ്യകൃഷി</u>**

അടങ്കൽ - 3,00,000 (പൊതു വിഭാഗം - 1,20,000 + മറ്റുള്ളവ – 1,80,000)

**2. 74/24 മുറ്റത്തൊരു മീൻതോട്ടം**

അടങ്കൽ - 20,000 (പൊതു വിഭാഗം - 8,000 + മറ്റുള്ളവ – 12,000)

**3. 75/24 വനിതകൾക്ക് അലങ്കാര മത്സ്യകൃഷി**

അടങ്കൽ - 1,00,000 (പൊതു വിഭാഗം - 40,000 + മറ്റുള്ളവ – 60,000)

പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/11.11.24) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാതിരിക്കുന്നത് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട ഫണ്ട് നഷ്ടപ്പെടുന്നതിന് ഇടവരുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 സദ്ഭരണ പദ്ധതി തയ്യാറാക്കിയിട്ടില്ല

19.04.2022-ലെ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ ഖണ്ഡിക 6.9(1) പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്. പൊതുജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ് 6.9(2). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കേണ്ടതാണ് 6.9(3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് 6.9(5) എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. സദ്ഭരണ പദ്ധതി തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/11.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സദ്ഭരണ പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-16 വെതർ സ്റ്റേഷൻ തുടർ നടപടികൾ-സംബന്ധിച്ച്

സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ തീയതി 28.05.2022 ഖണ്ഡിക (7.8.8) പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/11.11.24) മറുപടിയായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-17 കാലാവസ്ഥാ വ്യതിയാനം-പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല

19.04.2022-ലെ സ.ഉ.84/2022/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ ഖണ്ഡിക 7.3 പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി

തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജനപ്രകൃതി, സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച് പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ,ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2). ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ, കാർബൺ ബഹിർഗമനം കുറയ്ക്കാൻ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്.

മേൽ നിർദ്ദേശ പ്രകാരം പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയത് സംബന്ധിച്ച് വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/11.11.24) മറുപടിയായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഭരണസമിതിയോഗമിനിറ്റ്സ്-സമയപരിധിക്കകം ക്ലോസ് ചെയ്യുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.)3630/2015/ത.സ്വ.ഭ.വ തീയതി 03.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. 2023-24 വർഷം യോഗം ചേർന്നതിന്റെയും മിനിട്ട്സ് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി | പ്രസിഡന്റ് മിനിട്ട്സ് അംഗീകരിച്ച തീയതി |
|---|---|---|
| 01/04/2023 | 22/04/2023 | 22/04/2023 |
| 20/04/2023 | 08/05/2023 | 08/05/2023 |
| 25/04/2023 | 11/05/2023 | 11/05/2023 |
| 03/05/2023 | 16/05/2023 | 16/05/2023 |
| 19/05/2023 | 13/06/2023 | 13/06/2023 |
| 30/05/2023 | 13/06/2023 | 13/06/2023 |
| 17/06/2023 | 10/07/2023 | 10/07/2023 |
| 13/07/2023 | 21/07/2023 | 21/07/2023 |
| 15/07/2023 | 16/08/2023 | 16/08/2023 |
| 08/08/2023 | 07/09/2023 | 07/09/2023 |
| 25/08/2023 | 08/09/2023 | 08/09/2023 |
| 13/09/2023 | 04/10/2023 | 04/10/2023 |
| 27/10/2023 | 16/11/2023 | 16/11/2023 |
| 09/11/2023 | 07/12/2023 | 07/12/2023 |
| 20/11/2023 | 15/12/2023 | 15/12/2023 |

| | | |
|---|---|---|
| 08/12/2023 | 03/01/2024 | 03/01/2024 |
| 27/12/2023 | 20/01/2024 | 22/01/2024 |
| 09/01/2024 | 22/01/2024 | 22/01/2024 |
| 08/02/2024 | 24/02/2024 | 24/02/2024 |
| 07/03/2024 | 02/04/2024 | 02/04/2024 |
| 16/03/2024 | 16/04/2024 | 16/04/2024 |
| 27/03/2024 | 02/05/2024 | 02/05/2024 |

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/11.11.24) മറുപടിയായി ഇനി മുതൽ യോഗമിനിട്ട്സ് സമയബന്ധിതമായി തയ്യാറാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ആംബുലൻസ് - രേഖകൾ അപൂർണ്ണം

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കസ്റ്റോഡിയനായ KL-45/H-8670 നമ്പറിലുള്ള മാരുതി ഓമ്നി ആംബുലൻസ്, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായും പി.എച്ച്.സിയിലെ മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ ലോഗ്ബുക്കിൽ ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇന്ധനം നിറക്കുന്നത് രേഖപ്പെടുത്തുവാൻ പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നുമില്ല. ഇന്ധനക്ഷമതാ പരിശോധന നടത്തിയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 13/14.11.2024) മറുപടി ലഭ്യമാക്കിയില്ല.

വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. വാഹനത്തിൽ ഇന്ധനം നിറക്കുന്ന സമയത്തെ മീറ്റർ റീഡിങ്ങ് രേഖപ്പെടുത്തേണ്ടതും ആയത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വാഹനവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നിഷ്കർഷ പുലർത്തേണ്ടതും വാഹന ഉപയോഗം സംബന്ധിച്ച സ.ഉ(പി) നം. 161/2006/ഫിൻ, തീ. 31.03.2006 ഉത്തരവ് പാലിക്കേണ്ടതുമാണ്.

## 1-20 അമൃതം ഫുഡ് - വിതരണക്കാരിൽ നിന്നും ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ, നം. 1/24 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി എന്ന പ്രോജക്ടിൽ ഫൈവ് സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റ്, അവിട്ടപ്പിള്ളി, മറ്റത്തൂർ.പി.ഒ, തൃശ്ശൂർ – 680684 എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' എന്ന ഉത്പന്നം 2.5% CGSTയും, 2.5% SGSTയും നൽകി വാങ്ങിയിട്ടുള്ളതാണ്.

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടി ഡി എസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പട്ടികപ്പെടുത്തിയ പ്രകാരം ഫൈവ് സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റ്, അവിട്ടപ്പിള്ളി, മറ്റത്തൂർ.പി.ഒ, തൃശ്ശൂർ – 680684 എന്ന സ്ഥാപനത്തിൽ നിന്നും 'അമൃതം ഫുഡ്' എന്ന ഉത്പന്നം വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തീയതി | തുക | CGST@ 2.5% | SGST @ 2.5% | വൗച്ചർ നം./ |
|---|---|---|---|---|---|---|---|

| | | | | | | | തീയതി |
|---|---|---|---|---|---|---|---|
| 1 | അമൃതം ഫുഡ് | 12 | 31.05.23 | 42,875 | 1071.00 | 1071.00 | 42301109/ 27.06.23 |
| 2 | പോഷകപൊടി, കുമാരി പ്ലസ് | 10 | 31.05.23 | 13,000 | 325.00 | 325.00 | |
| 3 | പോഷകപൊടി, കുമാരി പ്ലസ് | 4 | 24.04.23 | 34,440 | 861.00 | 861.00 | |
| 4 | അമൃതം ഫുഡ് | 3 | 24.04.23 | 11,500 | 287.00 | 287.00 | |
| 5 | പോഷകപൊടി, കുമാരി പ്ലസ് | 21 | 30.07.23 | 12,975 | 324.00 | 324.00 | 42301150/ 27.09.23 |
| 6 | അമൃതം ഫുഡ് | 24 | 30.07.23 | 39,690 | 992.00 | 992.00 | |
| 7 | അമൃതം ഫുഡ് | 16 | 30.06.23 | 34,440 | 861.00 | 861.00 | |
| 8 | പോഷകപൊടി, കുമാരി പ്ലസ് | 13 | 30.06.23 | 12,425 | 310.50 | 310.50 | |
| 9 | പോഷകപൊടി, കുമാരി പ്ലസ് | 28 | 25.08.23 | 11,925 | 298.00 | 298.00 | 42301174/ 07.11.23 |
| 10 | അമൃതം ഫുഡ് | 31 | 25.08.23 | 35,280 | 882.00 | 882.00 | |
| 11 | അമൃതം ഫുഡ് | 44 | 30.10.23 | 35,280 | 882.00 | 882.00 | 42301209/ 18.11.23 |
| 12 | പോഷകപൊടി, കുമാരി പ്ലസ് | 39* | 30.10.23 | 12,000 | 300.00 | 300.00 | |
| 13 | അമൃതം ഫുഡ് | 51 | 19.11.23 | 41,650 | 1041.00 | 1041.00 | 42300817/ 31.01.24 |
| 14 | പോഷകപൊടി, കുമാരി പ്ലസ് | 50 | 19.11.23 | 9,950 | 248.50 | 248.50 | |
| 15 | അമൃതം ഫുഡ് | 39* | 22.09.23 | 39,935 | 998.00 | 998.00 | 42301208/ 18.11.23 |
| 16 | പോഷകപൊടി, കുമാരി പ്ലസ് | 34 | 22.09.23 | 11,425 | 285.00 | 285.00 | |
| 17 | അമൃതം ഫുഡ് | 65 | 25.03.42 | 44,100 | 1102.00 | 1102.00 | 42301039/ 28.03.24 |
| 18 | പോഷകപൊടി, കുമാരി പ്ലസ് | 66 | 25.03.24 | 13,600 | 330.00 | 330.00 | |
| 19 | അമൃതം ഫുഡ് | 57 | 29.02.24 | 11,600 | 290.00 | 290.00 | 42301040/ 29.03.24 |
| 20 | പോഷകപൊടി, കുമാരി പ്ലസ് | 60 | 28.02.24 | 38,010 | 950.00 | 950.00 | |
| | ആകെ | | | 5,06,100 | 12,638.00 | 12,638.00 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/11.11.2024) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ടി.ഡി.എസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-21 മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
പ്രൊജക്റ്റ് നം. 24/24, നെന്മണിക്കര കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ /ചെലവ് – 5,00,000/- (മെയിന്റനൻസ് ഫണ്ട്)

മരുന്നിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല. വിവിധ പ്രൊഫോമ ഇൻവോയ്സുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുകയുടെ വിവരവും ലഭ്യമാകാനുള്ള മരുന്നിന്റെ വിവരവും താഴെ ചേർക്കുന്നു.

| പ്രൊഫോമ ഇൻവോയ്സ് | വൗച്ചർ നം. / തീയതി | ലഭ്യമായ മരുന്നിന്റെ വിവരം | ബാക്കി തുക |
|---|---|---|---|
| 4356/21.02.24, ₹99,588 | 42301246/ 29.02.24 | INV. No. 4990/09.05.24, ₹ 30,306 | ₹ 25,741 |
| | | INV. No. 3281/25.04.24, ₹ 16,256 | |
| | | INV. No.16968/26.06.24, ₹ 17,119 | |
| | | INV. No. 15419/21.06.24, ₹ 8,676 | |
| | | INV. No. 23345/11.07.24, ₹ 1,490 | |
| 3405/25.01.24, ₹85,296 | 42301245/ 29.02.24 | INV. No. 22602/09.07.24, ₹ 878 | ₹ 23,621 |
| | | INV. No. 4983/09.05.24, ₹ 15,975 | |
| | | INV. No. 10256/05.06.24, ₹ 44,822 | |
| 3407/25.01.24, ₹68,818 | 42301244/ 29.02.24 | INV. No. 5779/16.05.24, ₹ 16,783 | ₹ 40,510 |
| | | INV. No. 15423/21.06.24, ₹ 5,567 | |
| | | INV. No. 43241/24.08.24, ₹ 5,958 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/14.11.2024) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർ വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 കാലിത്തീറ്റ വിതരണം - ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല

| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
|---|---|
| | |

| | |
|---|---|
| പ്രോജക്ട് | 57/24 – കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | 432000<br>വികസനഫണ്ട് (ജനറൽ) -202500<br>ഗുണഭോക്തൃവിഹിതം - 229500 |
| ചെലവ് | 410100 വികസനഫണ്ട് (ജനറൽ)-- 202500<br>ഗുണഭോക്തൃവിഹിതം --207600 |
| വൗച്ചർ നം | 22301008/9.2.24 – 103800<br>22301097/28.2.24 – 51900<br>22301049/23.2.24 – 51900<br>42301320/24.3.24 – 40500<br>42301321 /24.3.24 – 40500<br>42301322/24.3.24 – 40500<br>42301323 /24.3.24 – 40500<br>42301324 /24.3.24 – 40500 |

30 ഗുണഭോക്താക്കൾക്ക് 2 ചാക്ക് വീതം (50x2 =100 കിലോ) കാലിത്തീറ്റ 5 മാസം നൽകുന്നതാണ് പ്രോജക്ട്. കേരള ഫീഡ്സിൽ നിന്നാണ് തീറ്റ വാങ്ങിയിട്ടുള്ളത്.

50 കിലോ കാലിത്തീറ്റക്ക് 1440 രൂപ വില കണക്കാക്കി 675 രൂപ വികസനഫണ്ടും 765 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെയാണ് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത്. അതിനാൽ പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്തൃവിഹിതം 229500 രൂപ ആണ്. എന്നാൽ കാലിത്തീറ്റക്ക് 1540 രൂപ വില ആയതിനാൽ 865 രൂപ വീതം ഗുണഭോക്തൃവിഹിതം 259500 രൂപ പിരിച്ചെടുത്തു.

അപാകതകൾ

1. വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. വികസനഫണ്ട് പൂർണ്ണമായും ചെലവഴിച്ചെങ്കിലും ഗുണഭോക്തൃവിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2024 മാർച്ച് 21 വരെ ആകെ പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം 259500 രൂപയാണ്. എന്നാൽ 207600 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

കേരള ഫീഡ്സിന്റെ 27.10.23 ലെ KFL/430/99(III)/8075/23 നം.കത്തിലെ ഖണ്ഡിക 7(I) പ്രകാരം കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് 30 രൂപ നിരക്കിൽ കൈകാര്യച്ചെലവ് നൽകുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ഈ തുക കാലിത്തീറ്റ വിതരണപദ്ധതി പൂർത്തീകരിച്ച് കാലിത്തീറ്റയുടെ വില പൂർണ്ണമായും കമ്പനിയിൽ ലഭിച്ചതിന് ശേഷം പദ്ധതി നിർവഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നൽകുക എന്നും സ്ഥാപനം അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കൈകാര്യച്ചെലവ് ലഭ്യമായതായി കാണുന്നില്ല.
ഗുണഭോക്തൃവിഹിതം അടവാക്കുന്നതിനും കൈകാര്യച്ചെലവ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.11.24) മറുപടിയായി ഗുണഭോക്തൃവിഹിതം അടവാക്കുന്നതിന് റിക്വിസിഷൻ പഞ്ചായത്തിൽ നൽകിയിട്ടുണ്ടെന്നും ആയത് നൽകി പ്രോജക്ട് പൂർത്തീകരിച്ചതിനുശേഷം കൈകാര്യച്ചെലവ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.
ഗുണഭോക്തൃവിഹിതം കേരള ഫീഡ്സിൽ അടവാക്കി പ്രോജക്ട് പൂർത്തിയാക്കേണ്ടതും കൈകാര്യച്ചെലവ് ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-23 മാർഗ്ഗരേഖക്ക് വിരുദ്ധമായി ലാപ്ടോപ്പ് വിതരണം - 38500 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ – 4/24 പൊതുവിദ്യാഭ്യാസ സംരക്ഷണം എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -269500 വികസന ഫണ്ട് (എസ് സി പി)

ചെലവ്-269500

വൗച്ചർ നമ്പർ- 42301163 /06.11.23 -269500

എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രൊജക്ടിൽ Cazadorz Trades, ചാലക്കുടി, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ് ഒന്നിന് 38500 രൂപ നിരക്കിൽ 7 ലാപ് ടോപ്പുകൾ വാങ്ങി (ടാക്സ് ഇൻവോയ്സ് നമ്പർ-CZ-2023/003/05.10.23) വിതരണം നടത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ (കൈ) നം.115/2022/തസ്വഭവ. തീയതി. 28.05.2022 ഖണ്ഡിക .7.2.7 പ്രകാരം , സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ, പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്ടോപ്പ് നൽകാവുന്നത് . കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 8.3.2023 ലെ 4.6,4.7 തീരുമാനങ്ങളിലും പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുവാൻ പാടില്ല എന്ന് നിർദ്ദേശം ഉണ്ട് . എന്നാൽ ശക്തൻ തമ്പുരാൻ കോളേജ് ഓഫ് മാത്തമാറ്റിക്സ് ആന്റ് ആർട്സ് കോളേജിലെ ബിരുദ വിദ്യാർത്ഥിനിക്ക് (ഗോപിക എം എസ് ) ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ അഫിലിയേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഇല്ല. സ്ഥാപനത്തിന്റെ അഫിലിയേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/14.11.24) മറുപടിയായി വിദ്യാർത്ഥിനി യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത രേഖകൾ, പരീക്ഷാ ഹാൾടിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥിനി അവസാനവർഷ ബിരുദകോഴ്സിന് പഠിക്കുന്നുവെന്നും ലാപ്ടോപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട് എന്നും സ്ഥാപനത്തിന് അഫിലിയേഷൻ ഇല്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
അഫിലിയേഷൻ ഇല്ലാത്ത സ്ഥാപനത്തിലെ വിദ്യാർത്ഥിക്ക് നൽകിയ ലാപ്ടോപ്പിന്റെ വിലയായ 38500 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - 19250 രൂപ തടസപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ – 3/24 എസ് സി വയോജനങ്ങൾക്ക് കട്ടിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -100100

വികസന ഫണ്ട് (എസ് സി പി)

ചെലവ്-100100

വൗച്ചർ നമ്പർ- 42301294 /24.3.24 - 3850

42301161 /06.11.23 – 96250

ഇൻവോയ്സ് നം. -- TSR69/16.8.23 – 25 കട്ടിൽ

TSR309/24.1.24 – 1 കട്ടിൽ

മേൽപ്രകാരം ARTCO, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് 26 കട്ടിലുകൾ വാങ്ങി. ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

അപാകതകൾ

1. വിതരണ രജിസ്റ്റർ പ്രകാരം 23 കട്ടിലുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

2. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് കട്ടിലുകൾ വിതരണം ചെയ്തു.

ശാന്ത, കുണ്ടായി, രാജൻ സി., കോളയൻകാട് എന്നീ ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല. എന്നാൽ ഈ വ്യക്തികൾക്കും കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/14.11.24) മറുപടിയായി ബാക്കിയുള്ള 3 കട്ടിലുകൾ തണൽ ഓഡിറ്റോറിയത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഈ മാസം തന്നെ വിതരണം ചെയ്യുന്നതാണെന്നും, പട്ടികജാതി സർട്ടിഫിക്കറ്റ് കിട്ടാൻ ബുദ്ധിമുട്ടായതിനാലാണ് വിതരണം ചെയ്യാൻ സാധിക്കാതിരുന്നതെന്നും, ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു എന്നും അറിയിച്ചു. ശ്രീമതി ശാന്ത, കുണ്ടായി, രാജൻ സി, കോളയൻകാട് എന്നീ ഗുണഭോക്താക്കൾ അഡീഷണൽ ലിസ്റ്റായി വന്നിട്ടുള്ളവരാണ് എന്നും ഇവരുടെ പേരുകൾ ചേർക്കാൻ വിട്ടുപോയത് അടുത്ത ഭരണസമിതിയിൽ സാധൂകരണം വാങ്ങുമെന്നും അറിയിച്ചിട്ടുണ്ട്.
കട്ടിലുകൾ വിതരണം ചെയ്ത രേഖകൾ, ഗുണഭോക്തൃലിസ്റ്റിന് സാധൂകരണം ലഭ്യമാക്കിയ രേഖകൾ എന്നിവ ഹാജരാക്കുന്നത് വരെ കട്ടിലിന്റെ വിലയായ 19250 (3850 X 5) രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 വിദ്യാഭ്യാസ ധനസഹായം ഒരു വിദ്യാർത്ഥിക്ക് രണ്ട് തവണ സഹായം നൽകി- 20000 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ – 7/24 പൊതുവിദ്യാഭ്യാസ സംരക്ഷണം എസ് സി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -420000

വികസന ഫണ്ട് (എസ് സി പി) -- 360000

തനതുഫണ്ട്-- 60000

ചെലവ് – 355000 (വികസന ഫണ്ട് – എസ് സി പി)

വൗച്ചർ നമ്പർ- 42301134 /04.08.23 -100000

42301160 /06.11.23 – 40000

42301162/06.11.23 - 40000

42301191 /08.11.23 – 90000

42301297 / 24.3.24 – 65000

42301298 /24.3.24 -- 20000

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വൗച്ചർ നം. 42301134/04.08.23 (100000), 42301160/06.11.23 (40000) എന്നിവ പ്രകാരം ഒരേ വ്യക്തിക്ക് തന്നെ 20000 രൂപ വീതം നൽകിയിട്ടുണ്ട്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | അക്കൗണ്ട് നം | കോഴ്സ് | കോളേജ് | അഡ്മിഷൻ നം. |
|---|---|---|---|---|
| തേജസ് എൻ.എൽ, നന്ത്യാലത്ത് വീട്, പാഴായി | 33565272263 (SBIN0008675) | ബി എസ് സി മാത്തമാറ്റിക്സ് | സെന്റ് തോമസ് കോളേജ്, തൃശ്ശൂർ | 82099 |

സ.ഉ. (കൈ) 115/2022/തസ്വഭവ. തീയതി 28.5.22 ഖണ്ഡിക 7.2.4 പ്രകാരം ബിരുദത്തിന് പഠിക്കുന്ന ഈ വിദ്യാർത്ഥിക്ക് 20000 രൂപക്ക് മാത്രമാണ് അർഹതയുള്ളത്. എന്നാൽ ആകെ 40000 രൂപ നൽകിയതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/14.11.24) മറുപടിയായി ശ്രീ.തേജസ്സ് എൻ.എൽ S/O. ലവകുമാർ, നന്ത്യാലത്ത് വീട്, 2022-23 വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിനായി അപേക്ഷ നൽകുകയും പട്ടികജാതി ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുക നൽകാൻ സാധിക്കാതെ വന്നുവെന്നും 2023-24 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ.തേജസ്സ് എൻ.എൽ. നെ 2022-23 വർഷത്തെ തുക കൂടി നൽകിയത് വിദ്യാഭ്യാസ ധനസഹായം മുടങ്ങരുത് എന്നുള്ള സദുദ്ദേശത്തോടെ ചെയ്ത പ്രവർത്തിയായി കണ്ട് മാപ്പാക്കണമെന്നും മേലിൽ ഇത് ശ്രദ്ധിക്കുമെന്നും ആ വർഷം അപേക്ഷിച്ചവർക്കെല്ലാം വിദ്യാഭ്യാസ ധനസഹായം നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ 5000/-രൂപ ബാക്കി വന്നിട്ടുണ്ടെന്നും ടി വ്യക്തിക്ക് 2022-23, 2023-24 കാലയളവിലേക്കായിട്ടാണ് 20000/- രൂപ വീതം നൽകിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട് .
2022-23 വർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ഈ ഗുണഭോക്താവ് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ 2023-24ൽ ധനസഹായം നൽകുവാനായി പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.
മറുപടിയിൽ ചേർത്തിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നത് വരെ അധികം നൽകിയ 20,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 സൗഭാഗ്യവതി-പെൺകുട്ടികൾക്കുള്ള ദീർഘകാല വിദ്യാഭ്യാസ തൊഴിൽ വിവാഹ ധനസഹായ പദ്ധതി - വിവരങ്ങൾ അപൂർണ്ണം

പ്രോജക്റ്റ് നമ്പർ-65/24

അടങ്കൽ-572000 (തനതുഫണ്ട്)

ചെലവ്-52000

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണിത്. 2015-16 മുതൽ 2019-20 വരെയുള്ള 5 വർഷത്തേയ്ക്ക് പഞ്ചായത്ത് പരിധിയിലെ ഒരു വയസ്സു മുതൽ അഞ്ചു വയസ്സുവരെ പ്രായമുള്ള നിർദ്ധന പെൺകുട്ടികൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ വിദ്യാഭ്യാസ, വിവാഹ, തൊഴിൽ ആവശ്യങ്ങൾക്ക് ധനസഹായം നല്കുന്നതിന് ഗുണഭോക്താക്കളിൽ നിന്നുള്ള 10% വിഹിതവും പഞ്ചായത്തിന്റെ തനതുഫണ്ട് വിഹിതം 90%വും ചേർത്ത് തലോർ സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിയ്ക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതിയാണിത്. ആയതിന് 09.06.2015 ലെ തസ്വഭവ-ഡിഎ2/272/2015-ാം നമ്പർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ 03.06.2015 ലെ ഇനം 3.16 നമ്പർ തീരുമാനം പ്രകാരം അനുമതി നല്കിയിട്ടുണ്ട്. തൻവർഷത്തെ പ്രൊജക്ടിൽ 2019-20 മുതൽ കുടിശ്ശികയില്ലാത്ത ഗുണഭോക്താക്കളുടെ 2023-24 വർഷത്തെ വിഹിതവും (പഞ്ചായത്ത് വിഹിതം ഉൾപ്പെടെ) 2020-21 ലെ പദ്ധതിയിൽ തുക അടവാക്കിയതും എന്നാൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് വിട്ടുപോയതുമായ നിവേദ്യ സുധീഷിന്റെ വിഹിതവും (പഞ്ചായത്ത് വിഹിതം ഉൾപ്പെടെ) ചേർത്ത് ആകെ 52,000/- രൂപ തലോർ സർവ്വീസ് സഹകരണബാങ്കിൽ അടവാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) രജിസ്റ്റർ പൂർണ്ണമല്ല**

ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പൂർണ്ണമല്ല. രണ്ടു രജിസ്റ്ററിലായി ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തിയത് ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ |
|---|---|
| 2015-16 | 222 |
| 2016-17 | 44 |
| 2017-18 | 33 |
| 2018-19 | 36 |
| 2019-20 | 7 |
| ആകെ | 342 |

മേൽഗുണഭോക്താക്കളിൽ പലരുടെയും തുക അടവു വിവരങ്ങൾ പൂർണ്ണമല്ല. ബാങ്കുമായി എഗ്രിമെന്റിലേർപ്പെട്ടതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഓരോ ഗുണഭോക്താവിനും ഒടുക്കേണ്ട തുകയുടെ മാനദണ്ഡം വ്യക്തമായി രേഖപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

**2) രേഖകൾ അപൂർണ്ണം**

സഹകരണ ബാങ്കിൽ നിക്ഷേപിയ്ക്കുന്ന തുക ഓരോ ഗുണഭോക്താക്കളുടേയും അക്കൗണ്ടുകളിൽ പ്രത്യേകം പ്രത്യേകം സൂക്ഷിയ്ക്കാതെ മൊത്തമായി നിക്ഷേപിയ്ക്കുന്നതു മൂലം ഓരോ ഗുണഭോക്താവിനും ലഭിയ്ക്കുന്ന പലിശയും കൂട്ടുപലിശയും ഉൾപ്പടെയുള്ള തുക ഓരോ വർഷവും നിരീക്ഷിയ്ക്കുന്നതിനും, പൂർത്തീകരണ വേളയിൽ ലഭ്യമാകേണ്ട തുകയുടെ കൃത്യത ഉറപ്പിയ്ക്കുന്നതിനും സാദ്ധ്യമാകാതെ വരുന്നു. ബാങ്കിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ 2015 മുതൽ 2024 വരെയുള്ള നിക്ഷേപം 89,36,500 രൂപയാണ്. എന്നാൽ എത്ര ഗുണഭോക്താക്കളുണ്ടെന്നോ, ഓരോ ഗുണഭോക്താക്കൾക്കും എത്ര തുക വീതം നിക്ഷേപമുണ്ടെന്നോ ഉള്ള വിവരം പ്രസ്തുത സ്റ്റേറ്റ്മെന്റിൽ നിന്നും ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 23/24 തീയതി-15.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബാങ്കുമായി ധാരണാപത്രത്തിൽ ഒപ്പു വയ്ക്കേണ്ടതും, ഓരോ ഗുണഭോക്താവിനും വർഷാവർഷം ലഭിയ്ക്കേണ്ട തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.. രജിസ്റ്റർ കാലികമാക്കി മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

താഴെ സൂചിപ്പിച്ച പ്രോജക്റ്റുകളുടെ ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേരും നമ്പരും | അടങ്കൽ | വൗച്ചർ നമ്പർ/ തീയതി | വൗച്ചർ നമ്പർ<br>തുക കൈമാറിയ ഉദ്യോഗസ്ഥന്റെ പേരും ഓഫീസും |
|---|---|---|---|---|
| 1) | നിർമ്മാണം നടക്കുന്ന എം സി എഫ് കെട്ടിടത്തിന് ബോർവെല്ലും, മോട്ടോർ പമ്പ്സെറ്റും<br>പ്രോജക്റ്റ്നം- 264/24<br>അടങ്കൽ-2,47,356/-<br>ചെലവ് - 59,000/- | 59000+<br>1935=<br>60935 | 59,000/-<br>42301409/31.03.24<br>1935/-<br>42301408/31.03.24 | ജില്ലാ ഓഫീസർ,<br>ഭൂഗർഭ ജലവകുപ്പ്,<br>അയ്യന്തോൾ ,തൃശ്ശൂർ |
| 2) | 187/24 അങ്കണവാടികളിലേക്ക് കുഴൽകിണർ നിർമ്മിക്കലും മോട്ടോർ സ്ഥാപിക്കലും | 144195 | 42301409/<br>31.03.24 | ജില്ലാ ഓഫീസർ,<br>ഭൂഗർഭ ജലവകുപ്പ്,<br>അയ്യന്തോൾ, തൃശ്ശൂർ |
| 3) | പ്രോജക്റ്റ് നം- 35/24<br>ഗതാഗത തടസ്സം സൃഷ്ടിയ്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി | 131,251 | 42301407/<br>31.03.24 | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സെക്ഷൻ,<br>മരത്താക്കര |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ | | | |

ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നല്കിയ സ്ഥാപനങ്ങളുമായി കരാർ വച്ചിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിട്ടുള്ള പൂർത്തീകരണ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിയ്ക്കാത്തതിനു സ്ഥാപനത്തിനെതിരായി നിയമപരമായി നടപടി സ്വീകരിയ്ക്കുന്നതിനു പഞ്ചായത്തിനു സാധിയ്ക്കാതെ വരുന്നു. 09.03.2023-ലെ നമ്പർ 38/2023/ധന. (എഫ് സി എ സെൽ എ) സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് അതതു വർഷം നല്കിയ തുക ഉപയോഗിച്ചില്ല എങ്കിൽ തിരികെ സഞ്ചിത നിധിയിൽ അടയ്ക്കേണ്ടതാണ് അല്ലാത്തപക്ഷം അടുത്തവർഷത്തെ ഫണ്ടിൽനിന്നും കുറവു വരുത്തുന്നതാണ്. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/15.11.24) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം പ്രവൃത്തികൾക്ക് കരാർ ചമച്ചതിനു ശേഷം തുക കൈമാറുന്നതിനു ശ്രദ്ധിയ്ക്കേണ്ടതാണ്. സ്ഥാപനവുമായി കരാർ ചമക്കുന്നതിനും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 മാലിന്യസംസ്കരണം- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ - അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ്, 1-ാം ഉപവകുപ്പ്, 3-ാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുന്നതിനും പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ പരിപാലിക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ. (ആർ.ടി.) നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. നെൻമണിക്കര ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ആകെ ജനസംഖ്യ | 22002 |
| വാർഡുകളുടെ എണ്ണം | 15 |
| ആകെ ആൾതാമസമുള്ള വീടുകളുടെ എണ്ണം | 5227 |
| സ്ഥാപനങ്ങളുടെ എണ്ണം | 677 |
| ഹരിത കർമ്മസേനയിലെ അംഗങ്ങളുടെ എണ്ണം | 16 |

2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ ഷെഡ്യൂൾ പ്രകാരം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യ ശേഖരണം നടത്താറുണ്ട് എന്നും എല്ലാ സ്ഥാപനങ്ങളെയും ഭവനങ്ങളെയും വാതിൽപ്പടി മാലിന്യ ശേഖരണത്തിൽ പങ്കാളികളാക്കാൻ സാധിച്ചിട്ടുണ്ട് എന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നുള്ള സേവനങ്ങൾക്ക് യൂസർ ഫീ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

3. മാലിന്യ വേർതിരിവ് പാലിക്കൽ

എല്ലാ വാർഡുകളിലെയും വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുകയും അവിടെ വെച്ചുതന്നെ മാലിന്യം തരംതിരിച്ച് എം സി എഫുകളിലെത്തിക്കുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. 100% മാലിന്യവും ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നു. 2023-24 -ൽ വാതിൽപ്പടി ശേഖരണത്തിലൂടെ 101.312 ടൺ മാലിന്യം ശേഖരിച്ചെങ്കിലും 64.601 ടൺ മാലിന്യം

മാത്രമേ പൂർണമായും വേർതിരിച്ച് കൈമാറാൻ ഹരിത കർമ്മ സേനയ്ക്ക് സാധിച്ചിട്ടുള്ളു.

4. റീ സൈക്ലിംഗ്

പഞ്ചായത്തിൽ നടത്തിയ ബോധവത്കരണ ക്ലാസുകളിലൂടെയും സ്വാപ്പ് ഷോപ്പ് നടത്തിയും പുനരുപയോഗസാദ്ധ്യമായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്ക്കരണ രീതികളെപ്പറ്റി പൊതു ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും തെരഞ്ഞെടുത്ത സ്ക്കൂളുകളിലും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഹരിത കർമ്മസേനയും ചേർന്ന് 32 ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

6. തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം ഹരിത സേനാംഗങ്ങൾക്കായി 5198 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും വേതനമിനത്തിൽ 32,98,181 രൂപ അനുവദിക്കുകയും ചെയ്യിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 16 ഹരിത കർമ്മ സേനാംഗങ്ങൾക്കും പ്രതിമാസം ശരാശരി 10000 രൂപയിലധികം വേതനം ലഭിക്കുന്നുണ്ട്. സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി ഉജ്ജല എന്ന പേരിൽ ബയോബിൻ പരിപാലനം, ഇ തോക്കുലം വിൽപ്പന, സ്വാപ്പ് ഷോപ്പുകൾ എന്നിവ ചെയ്യ് വരുന്നുണ്ട്.

7. അടിസ്ഥാന സൗകര്യ വികസനം

സ.ഉ (സാധാ) നം.1068/2023/ത.സ്വ.ഭ.വ., തിയ്യതി 20.05.2023 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തിലും M.C.F, വാർഡുകളിൽ മിനി M.C.F, ബ്ലോക്ക്/ മുനിസിപ്പൽ തലത്തിൽ R.R.F എന്നിവ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല. പഞ്ചായത്തിൽ 2 മിനി എം സി എഫുകളും 1 എം സി എഫുമാണ് സ്ഥാപിച്ചിട്ടുള്ളത്.

2023-24 സാമ്പത്തിക വർഷം മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ആകെ 2775494 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | തുക |
|---|---|---|---|
| 1 | 27/24 | കുടുംബാരോഗ്യകേന്ദ്രം മാലിന്യസംസ്കരണം | 11088 |
| 2. | 33/24 | ക്ലീൻ കേരള കമ്പനിക്ക് ലെഗസ്സി വേസ്റ്റ് കൈമാറൽ | 278800 |
| 3. | 47/24 | ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ | 499892 |
| 4. | 50/24 | ഹരിത കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | 50000 |
| 5. | 134/24 | സ്മാർട്ട് ഗാർബേജ്മോണിറ്ററിംഗ് സിസ്റ്റം-ക്യു ആർ കോഡ് പതിപ്പിക്കുന്നതിന് വേതനം നൽകൽ | 90195 |
| 6. | 139/24 | ഹരിത കർമ്മസേനയുടെ വാഹനത്തിന്റെ ഡ്രൈവർക്ക് വേതനം നൽകൽ | 166050 |
| 7. | 155/24 | പഞ്ചായത്ത് കോമ്പൗണ്ടിലെ പൊതുടോയ് ലറ്റ് നവീകരണം | 304294 |
| 8. | 163/24 | തലോർ സ്ക്കൂളിലേക്ക് ടോയ് ലറ്റ് ബ്ലോക്ക് മെയിന്റനൻസ് | 555109 |
| 9. | 176/24 | കുന്നിശ്ശേരി കുടുംബാരോഗ്യകേന്ദ്രം | 44773 |

| | | | |
|---|---|---|---|
| | | മാലിന്യസംസ്കരണത്തിന് കംപോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ | |
| 10. | 183/24 | ടോയ് ലറ്റ് റിട്രോഫിറ്റിംഗ് പി ബി ഐ ജി | 9000 |
| 11. | 219/24 | വീടുകളിലേക്ക് ബയോകമ്പോസ്റ്റർ ബിൻ നൽകൽ | 250660 |
| 12 | 222/24 | ശുചീകരണവും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | 130406 |
| 13 | 244/24 | പൊതു സ്ഥലങ്ങളിലും സ്കൂളുകളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ | 88500 |
| 14 | 250/24 | ക്ലീൻ നെന്മണിക്കര. ശുചിത്വമാലിന്യസംസ്കരണത്തിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ | 12000 |
| 15 | 260/24 | ക്ലീൻ കേരള കമ്പനിക്ക് ലെഗസ്സി വേസ്റ്റ് കൈമാറലിന് അധികം വിഹിതം ഉൾപ്പെടുത്തൽ | 88300 |
| 16 | 262/24 | ബി ആർ ഡി സൈഡ് നെറ്റ് കെട്ടി സംരക്ഷണം- അധിക വിഹിതം ഉൾപ്പെടുത്തുന്നതിന് | 150147 |
| 17 | 265/24 | ടോയ് ലറ്റ് റിട്രോഫിറ്റിംഗ് | 27000 |
| 18 | 271/24 | അജൈവമാലിന്യം കൈമാറുന്നതിനുള്ള തുക | 19280 |
| | | ആകെ തുക | 2775494 |

8. പാരിസ്ഥിതിക ആഘാതം

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം മാലിന്യ ചട്ട ലംഘനവുമായി ബന്ധപ്പെട്ട് 4 പരാതികൾ ലഭ്യമായിട്ടുണ്ട്. 218 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 28 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. ആകെ പിഴയിനത്തിൽ 2,29,000 രൂപ ഈടാക്കിയിട്ടുണ്ട്.

9. പരിശീലനവും വികസനവും

സേനാംഗങ്ങൾക്ക് ഹരിതകേരളമിഷൻ, ശുചിത്വ മിഷൻ, കെൽട്രോൺ, ഫയർ & സേഫ്റ്റി ഡിപ്പാർട്ട്മെന്റെ എന്നിവയുടെ ആഭിമുഖ്യത്തിൽ 12 പരിശീലന ക്ലാസുകൾ നൽകിയിട്ടുണ്ട്.

10. നിയമങ്ങൾ പാലിക്കൽ

2016ലെ ഖരമാലിന്യ ചട്ടങ്ങൾ, ആപത്ക്കരമായ മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവയുടെ ശേഖരണവും സംഭരണവുമായി ബന്ധപ്പെട്ട 16.05.2022ലെ സ.ഉ.(സാധാ) നം.1227/22/LSGD ഉത്തരവ്, പൊതുയിടങ്ങളിലേയും ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ 26.04.2023ലെ ജി.ഒ.(ആർ.ടി) നം. 922/2023 എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്, യൂസർ ഫീ പിരിക്കുന്നതുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം. 789/2023/ത.സ്വ.ഭ.വ., തിയ്യതി-31.03.2023, 100% വാതിൽപ്പടി മാലിന്യ ശേഖരണവും എം.എസി.എഫ്, മിനി എം.സി.എഫ് എന്നിവയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം.1068/2023/ത.സ്വ.ഭ.വ., തിയ്യതി-20.05.2023 എന്നീ ചട്ടങ്ങളും ഉത്തരവുകളും പ്രകാരം ഗ്രാമ പഞ്ചായത്തിൽ മാലിന്യ ശേഖരണവും സംഭരണവും കൈമാറലും നടന്നു വരുന്നുണ്ട്.

11. ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം.

ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി അവരെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ മാസവും ആദ്യത്തെ ആഴ്ച പ്രസിഡന്റിന്റേയും മെമ്പർമാരുടെയും ഉദ്യോഗസ്ഥരുടേയും ആഭിമുഖ്യത്തിൽ അവലോകന യോഗം കൂടി പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ നല്കിവരികയും ചെയ്യുന്നുണ്ട്. എം.സി.എഫിലേക്ക് വലിയ വാഹനങ്ങൾ എത്താൻ സാധിക്കുന്നില്ല എന്നതാണ് നിലവിൽ ഹരിതകർമ്മസേന നേരിടുന്ന പ്രധാന പരിമിതി. പുതിയ എം സി എഫ് കെട്ടിടത്തിന്റെ പണി പുരോഗമിച്ച് വരുന്നുണ്ട്. ഇത് പൂർത്തിയാകുന്നതോടുകൂടി മേൽ പരിമിതിയും പരിഹരിക്കാൻ സാധിക്കുന്നതാണ്.

12. എം സി എഫ്- അടിസ്ഥാനവിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള ഓഡിറ്റോറിയം കെട്ടിടത്തിലാണ് എം.സി.എഫ്. പ്രവർത്തിക്കുന്നത്. വലിയ തോതിൽ അജൈവ മാലിന്യങ്ങൾ എം.സി.എഫിൽ എത്തുന്നുണ്ട്. അജൈവ മാലിന്യത്തിന്റെ തോത് അനുസരിച്ച് എം.സി.എഫിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു എം സി എഫും രണ്ട് മിനി എം സി എഫുകൾ ആണ് പ്രവർത്തിക്കുന്നത്. .
മറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| എ) എം സി എഫ്, മിനി എം സി എഫ് എന്നിവകളുടെ എണ്ണം (വേർതിരിച്ച്). | എം സി എഫ്- 1,<br>മിനി എം സി എഫ്-2 |
| ബി) എം സി എഫുകളിലെ അടിസ്ഥാന സൗകര്യങ്ങൾ (വാഷിംഗ് & ബാത്തിംഗ് ഏരിയ, മുതലായവ). | ഉണ്ട് |
| സി) എം സി എഫുകളിൽ അഗ്നിശമന സംവിധാനം ഒരുക്കിയിട്ടുണ്ടോ? | സ്ഥാപിച്ചിട്ടുണ്ട്. |
| ഡി) മറ്റ് യന്ത്രസംവിധാനങ്ങൾ ( ബെയിലിംഗ്, ഷ്രഡ്ഡിംഗ് യൂണിറ്റുകൾ). | ഇല്ല |
| ഇ) കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി എം സി എഫിന് സ്ഥലവിസ്തൃതിയുണ്ടോ? | ഉണ്ട് |
| എഫ്) എം സി എഫുകളിൽ ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിംഗ് ഏരിയ, മെഷീൻ ഏരിയ, അന്തിമ സംഭരണ ഏരിയ എന്നിവയുണ്ടോ? ഉണ്ടെങ്കിൽ ആകെ വിസ്തൃതിയുടെ എത്ര ശതമാനം വീതം. | 80%. |
| ജി) അന്തിമ സംഭരണ ഏരിയയിൽ അജൈവ മാലിന്യം എത്ര ദിവസം സൂക്ഷിക്കാനാകും | 30ദിവസം |
| എച്ച്) എം സി എഫിൽ ശുചിത്വം, ശുചിത്വ മാനദണ്ഡങ്ങൾ പാലിയ്ക്കാനാകുന്നുണ്ടോ? | ഉണ്ട് |
| ഐ) എം സി എഫുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമൂഹിക പ്രശ്നങ്ങളുണ്ടോ? (ദുർഗന്ധം, കീടാണുബാധ, ജലമലിനീകരണം എന്നിവയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുമായുള്ള തർക്കം തുടങ്ങിയവ) | ഇല്ല |
| ജെ) മാലിന്യം തരം തിരിക്കുന്നതിൽ തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതിസംരക്ഷണവും ഉറപ്പാക്കുന്നതിനായി എം സി എഫിൽ മാലിന്യസംസ്കരണ പ്രോട്ടോക്കോളും സുരക്ഷാനടപടികളും സ്വീകരിക്കുന്നുണ്ടോ? | ഉണ്ട് |

13). മാലിന്യ കൈമാറ്റ കാര്യക്ഷമത

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ അതാത് ദിവസങ്ങളിലോ തൊട്ടടുത്ത ദിവസങ്ങളിലോ എം.സി.എഫിലേക്ക് മാറ്റുന്നുണ്ട്. എം.എസി.എഫിൽ സംഭരിക്കപ്പെടുന്നതും വേർതിരിക്കുന്നതുമായ മാലിന്യം ക്ലീൻ കേരള കമ്പനി ശേഖരിച്ച് കൊണ്ടുപോകുന്നുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2023-24 വർഷത്തിൽ ശേഖരിച്ചതും കരാർ സ്ഥാപനത്തിന് കൈമാറ്റം ചെയ്തതുമായ മാലിന്യത്തിന്റെ വിശദാംശങ്ങൾ താഴെ കാണും പ്രകാരമാണ്.

| | |
|---|---|
| ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 101.312 ടൺ |
| കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ അളവ് | 64.601 ടൺ |
| തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ അളവ് | വിവരം ലഭ്യമായില്ല |
| ക്ലീൻ കേരള കമ്പനിയ്ക്ക് മാലിന്യം വിറ്റ വകയിൽ ലഭിച്ച തുക | 2,21,292 രൂപ |
| ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | 367100 രൂപ |
| ഗ്യാപ് ഫണ്ടിനത്തിൽ ചെലവഴിച്ച തുക | 0 |

ഗ്രാമ പഞ്ചായത്തിലെ മാലിന്യം ശേഖരിക്കുകയും സംഭരിക്കുകയും കൈയൊഴിയുകയും ചെയ്യുന്നതിൽ ഹരിതകർമ്മ സേനയുടെ കാര്യക്ഷമമായ പ്രവർത്തനം വലിയ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം വളരെ തൃപ്തികരമായ രീതിയിൽ നടന്നുവരുന്നു. എന്നിരുന്നാലും എല്ലാ വീടുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും യൂസർ ഫീ പിരിക്കൽ, എല്ലാ വാർഡുകളിലും മിനി എം.സി.എഫ്, എം സി എഫിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പൊതുയിടങ്ങളിൽ മാലിന്യ സംഭരണ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ മുതലായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഇനിയും മുന്നോട്ടു പോകാനുണ്ട്.

## ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് തൻവർഷം ലഭിച്ചതിൽ ചെലവഴിക്കാൻ ബാക്കി തുക ഇല്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം സംയുക്ത പ്രൊജക്ടുകളുടെ ഇനത്തിൽ 12,000 രൂപ നീക്കിയിരിപ്പതുണ്ട്. ടി തുക ചെലവഴിക്കാൻ സാധിക്കാത്തപക്ഷം തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 35/24 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 42301407/31.03.24 | 131,251 | 0 | 131,251 |
| ഭൂജലവകുപ്പ് | 187/24 അംഗൻവാടികളിലേക്ക് കുഴൽകിണർ നിർമ്മിക്കലും മോട്ടോർ സ്ഥാപിക്കലും | 42301409/31.03.24 | 144195 | 0 | 144195 |
| ഭൂജല വകുപ്പ് | 264/24 എം സി എഫ് കെട്ടിടത്തിനടുത്ത് ബോർവെല്ലും മോട്ടോർ സ്ഥാപിക്കലും | 42301409/31.03.24<br>42301408/31.03.24 | 59000<br>1935<br>ആകെ- 60935 | 0 | 59000<br>1935<br>Total- 60935 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച ലോൺ തുക | ആകെ ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് പദ്ധതി | 1351873 | 100000 | 1451873 | 628126 | 0 | 823747 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തീയതി |
|---|---|---|---|---|
| 2022-23 | 1-12 | 900.00 | മാനേജർ, കത്തോലിക്ക് സിറിയൻ ബാങ്ക് | 1230204427/ 20-02-2024 |
| 2022-23 | 1-12 | 2,620.00 | മാനേജർ, കത്തോലിക്ക് സിറിയൻ ബാങ്ക് | 1230204428/ 20-02-2024 |
| 2020-21 | 1-47 | 24,473.00 | ഷാജു കെ.വി (കരാറുകാരൻ) | 1230205113/ 13-03-2024 |
| | | 27,993.00 | | |

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 25362099 |
| ഓഡിറ്റ് വർഷത്തെ വരവ് | 37621844 |
| ആകെ | 62983943 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 33931253 |
| നീക്കിയിരിപ്പ് | 29052690 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 77750 |

ഗ്രാമപഞ്ചായത്തിന്റെ R & P ഷെഡ്യൂൾ പ്രകാരമുള്ള വരവു-ചെലവുകളാണ് ചേർത്തിട്ടുള്ളത്. ഇതിന്റെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 38500 | ശ്രീ. മാറ്റ്ലി എം.സി. അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 19250 | ശ്രീ. മാറ്റ്ലി എം.സി. അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 20000 | ശ്രീ. മാറ്റ്ലി എം.സി. അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 77750 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മാറ്റ്ലി എം.സി. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നെൻമണിക്കര ഗ്രാമപഞ്ചായത്ത് | ചെറുവത്തൂർ ഹൗസ് പറവട്ടാനി (പി.ഒ) 680005 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT.9-718/02 Dt.16.10.02 | 9 | 3, 9, 10, 11, 17, 18, 21, 22, 23 | SCH |
| 2 | 1997-98 ചെലവ് | LFT.16-953/99 Dt.9.4.99/8.7.99 | 1 | 13 | SCH |
| 3 | 1998-99 (ചെലവ്) | LFT.16-588/00 Dt.5.7.00/3.11.00 | 1 | 42 | |
| 4 | 1999-00 | LFT.9-789/02 Dt.18.10.02 | 1 | 52 | |
| 5 | 2000-01 | LFT.9-1565/03 | 2 | 6,7(1,2) | Case |

| | | | | | |
|---|---|---|---|---|---|
| | 2001-02 | Dt.31.01.03/12.04.04 | | | |
| 6 | 2002-03 | LFT.9-392/03 Dt.18.6.05/9.11.5 | 3 | 3(4), 3(6), 3(7) | SCH |
| 7 | 2003-04 | LFT.9-1704/08 Dt.21.08.09 | 3 | 3(1), 3-5, 3-6(1 മുതൽ 14 വരെ) | Sch |
| 8 | 2004-05 | LFT.9-1705/08 Dt.21.8.09/7.11.09 | 3 | 3(1), 3(3) SGRY, 3(7) | CAR |
| 9 | 2005-06 | LFT.9-1550/09 Dt.25.09.10 | 2 | 3(1), 3(2) എ(6) മുതൽ എ(9) വരെ<br>3(2) ബി(1) മുതൽ ബി(9) വരെ | |
| 10 | 2006-07 | LFT.9-1551/09 Dt.25.09.10 | 7 | 2(1), 2(2), 3(1)എ (1,2,3,4,5)<br>3-1എ(6), 3(1)ബി(1) മുതൽ ബി(17) വരെ<br>3(3), 3(4), 3(5), 3(7) | |
| 11 | 2007-08 | LFT.P2-883/12 Dt.10.9.12/5.12.12 | 2 | 3-4<br>3-6 | |
| 12 | 2008-09 | LFT.P2-884/12 Dt.10.9.12 | 1 | 3-4(1), (2), (3), (4), (6) | |
| 13 | 2010-11 | LFT.P2-886/12 Dt.10.9.12 | 7 | 3-3,3-5,3-6,3-7,<br>3-8,3-9,3-11 | |
| 14 | 2011-12 | LFT.P2-371/13 Dt.16.7.13 | 5 | 3-2, 3-6, 3-10, 3-11, 3-13(1,3,5,6) | |
| 15 | 2012-13 | LFT.(P6)-188/14 Dt.11.9.14/12.11.14 | 3 | 3-6,3-7,3-9 | |
| 16 | 2013-14 | LFT.(P6)-187/15 Dt.11.5.15 | 9 | 2-2,2-4,2-7,<br>3-1,<br>3-2,3-4,3-6,3-8,<br>3-10 | 3-10 SCH |
| 17 | 2014-15 | KSATSR(P6)-941/16 Dt.13.6.16 | 10 | 3-1,3-4,3-5,3-6,<br>3-7,3-8,3-9,<br>3-11,<br>3-12,4-2 | 3-4 SCH |
| 18 | 2015-16 | KSATSR(P6)-1908/16 | 2 | 3-2,3-3 | |

| | | | | | |
|---|---|---|---|---|---|
| | | Dt.4.11.16/30.12.16 | | | |
| 19 | 2016-17 | KSATSR(P6)-1521/17 Dt.27.11.17/1.12.17 | 10 | 2-1,2-2,2-5,3-1, 3-4(2), 3-6,3-7, 3-8,3-9,4-2 | |
| 20 | 2017-18 | KSATSR(P6)-446/19 Dt.126.19/15.6.19 | 19 | 1-10, 1-12, 2-2, 2-3, 2-4, 3-1, 3-2, 3-3(എ), 3-3(ബി), 3-4, 3-5, 3-6, 3-8, 3-11, 3-12, 4-2, 4-7, 4-9, 4-10 | |
| 21 | 2018-19 | KSATSR(P9)-1728/2019 Dt.12.03.2020 | 9 | 1-12, 1-13, 1-15, 1-17 1-20, 1-22, 1-24, 1-26, 1-28 | |
| 22 | 2019-20 | KSATSR(P9)-843/21 Dt.02.07.2021 | 26 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23,1-24, 1-25, 1-26, 1-27, 1-29, 1-30, 1-31, 1-32,1-33, 1-34, 1-35 | |
| 23 | 2020-21 | KSATSR(P10)-1037/22 Dt.03.07.2022 | 40 | 1-10,1-11,1-12, 1-13, 1-14,1-15,1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28,1-29, 1-30, 1-31, 1-32,1-33, 1-34,1-35, 1-36, 1-37, 1-38, 1-39, 1-40,1-41, 1-42,1-43, 1-44,1-45, 1-46, 1-47, 1-48,1-49, 3-1 | |
| 24 | 2021-22 | KSATSR(P10)-292/23 Dt.10.04.2023 | 22 | 1-10(1 മുതൽ 24 വരെ)1-11, 1-12,1-13, 1-14,1-15,1-16, 1-17, 1-18,1-19, 1-20,1-21, 1-22,1-23,1-24, 1-25,1-26, 1-27,1-28, 1-29,1-30,1-31, | |
| 25 | 2022-23 | KSATSR(P10)-1426/23 Dt.20.09.2023 | 11 | 1-9, 1-10, 1-11, 1-13, 1-14, 1-15, 1-16, 1-17, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-18, 1-19, 1-20 | |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | | 208 | | |

**ഡെപ്യൂട്ടി ഡയറക്ടർ**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 06-06-2024 and submitted on 06-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Nenmanikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nenmanikkara Grama Panchayat as on 31-03-2024

**Date: 18/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Nenmanikkara Grama Panchayat for the Year 2023-2024.

### 1.Major Observations

1. The misclassification of payment vouchers has led to discrepancies in the Income & Expenditure statement, impacting the Balance Sheet. Since the medicines have not yet been received, the transaction should have been recorded as an advance payment rather than as revenue expenditure. The details are as follows

| Project | Voucher number | Deposit amount given as advance | Medicines yet to be received as on 31.03.2024 | Expenditure booked head |
|---|---|---|---|---|
| 24/24 (purchase of | 42301246/29-02-2024 | 99,588 | 25,741 | 251110108-Alloppathy-purchase of |

| | | | | |
|---|---|---|---|---|
| medicine to FHC) | 42301245/29-02-2024 | 85,296 | 23,621 | medicines for Hospital |
| | 42301244/29-02-2024 | 68,818 | 40,510 | |

## 2.Other Observations

a) Comments relating to Income and Expenditure Account

1. Provisions for doubtful debts do not cover items like property tax and rental income.

2. Authenticated vouchers and worksheets are not provided to verify the amount recorded in the Annual Financial Statement as Prior Period Income.

b) Comments relating to Balance Sheet

1.Advance collection of Profession Tax and FATEOS Licence Fee details are neither entered in the Demand register nor reconciled, verified, and maintained with the balance sheet.

2.According to the Income and Expenditure Statement [I-17(A)] for the year 2023-24, depreciation of 1,45,93,729 has been calculated. However, the worksheet and journal voucher for this calculation have not been submitted

c. Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

"The net increase in cash and cash equivalents, amounting to 3690591 does not align with the "Net cash generated by Operating + Investing + Financing Activities," which shows a figure of 1170746

e) Comments relating to Ratios

Key ratios are not included as part of Annual Financial statement.

f) Comments relating to Notes to accounts

Notes to accounts are not included as part of Annual Financial statement.

g) Comments relating to Receipt Vouchers

Nil

h) Comments relating to Payment Vouchers

Nil

i. Comments relating to Journal Vouchers

1. There are inaccuracies and delays in recording demand entries for accrual-based income items.

2. Authenticated vouchers or worksheets were not kept to confirm the authenticity of the journal entries listed in the schedule.

j. <u>Comments relating to Contra Vouchers</u>

Nil

k. <u>Comments relating to Bank Reconciliation Statement</u>

Nil

l. <u>Comments relating to Demand, Collection and Balance Register</u>

DCB Statement of Property Tax Arrears demand (Both Residential and Non-residential) does not match with accounts.

<u>Residential</u>

| | Demand |
|---|---|
| As per Sanchaya | 4852 |
| As per AFS | 0* |
| | *( Balance Sheet as on 31.03.2023, Schedule B-15) |

<u>Non - Residential</u>

| | Demand |
|---|---|
| As per Sanchaya | 669283 |
| As per AFS | 669295* |
| | *(Balance Sheet as on 31.03.2023, Schedule B-15) |

m. <u>Comments relating to Asset Register</u>

Nil

n. <u>Comments relating to Inventory and other Registers</u>

The following demand registers are not periodically reconciled with ledgers

1. Profession tax demand register (Employees)

2. Profession tax demand register (Institution)

3. FATEOS Licence register

4.Paramedical Institutions register

5.Dogs & Pigs License register

6.Building Permit register

7.Rent Demand register

8.Auction register

**DEPUTY DIRECTOR**

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# വാർഷിക ധനകാര്യപത്രിക -സംക്ഷിപ്തം

**Nenmanikkara Grama Panchayat**
**BALANCE SHEET**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 40462858.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 38847705.00 |
| | **Total Reserve & Surplus** | | **79310563.15** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9363326.00 |
| | **Total Grants, Contributions for Specific Purposes** | | **9363326.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 823747.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **823747.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 684209.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2073616.85 |
| 360000000 | Provisions | B-10 | 17252.00 |
| | **Total Current Liabilities and Provisions** | | **2775077.85** |
| | **TOTAL LIABILITIES** | | **92272714.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 66500.00 |
| 412000000 | Capital Work in Progress | B-11(b) | 527214.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3365646.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 18166244.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 75642445.00 |
| 416000000 | Accumulated Depreciation | B-11(a) | -46427891.00 |
| | **Total Fixed Assets** | | **51340158.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |

Digitally signed by AJITHA
Date: 2024.07.06 14:09:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 966211.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 29052690.00 |
| 460000000 | Loans, Advances and Deposits | B-18 | 10913655.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **40932556.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **92272714.00** |

**Nenmanikkara Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 10067788.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 272616.00 |
| 140000000 | Fee & User Charges | I-4 | 4217394.00 |
| 150000000 | Sale & Hire Charges | I-5 | 123393.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 97146223.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 721569.00 |
| 180000000 | Other Income | I-9 | 402398.00 |
| 190000000 | Prior Period Income | I-19 | 0.0 |
| | **Total Income** | | **112951381.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13681319.00 |
| 220000000 | Administrative Expenses | I-11 | 2292367.00 |
| 230000000 | Operations & Maintenance | I-12 | 2338654.00 |
| 240000000 | Interest & Finance Charges | I-13 | 1540.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3645669.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 27099616.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 1883120.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 8520275.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 38188300.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 17252.00 |
| 271000000 | Miscellaneous Expenses on Disposal of Assets and | I-17 | 0.0 |

| | | | |
|---|---|---|---|
| | Investments | | |



Digitally signed by AJITHA
Date: 2024.07.06 14:09:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 14593729.00 |
| | **Total Expenditure** | | **112261841.00** |
| | **Gross Surplus / Deficit of income over Expenditure** | | **689540.00** |
| | **Gross Surplus / Deficit of income over Expenditure** | | **668760.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -20780.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-20780.00** |

**Nenmanikkara Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 25362099.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2629205.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3785.00 |
| 140000000 | Fees & User Charges | RP-4 | 3742994.00 |
| 150000000 | Sale & Hire Charges | RP-5 | 123393.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10113300.00 |
| 171000000 | Interest Earned | RP-9 | 721569.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10181443.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8367050.00 |
| 460000000 | Loans, Advances and Deposits | RP-49 | 130081.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 402398.00 |
| 330000000 | Secured Loans | RP-31 | 100000.00 |
| 340000000 | Deposits Received | RP-33 | 15773.00 |
| 350000000 | Other Liabilities | RP-35 | 1090853.00 |
| | **Grand total** | | **62983943.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 45396.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 43361.00 |
| 460000000 | Loans, Advances and Deposits | RP-49 | 1512972.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 30333.00 |
| 350000000 | Other Liabilities | RP-35 | 32299191.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 29052690.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **62983943.00** |

| | | |
|---|---|---|
| | Grand Total | 62983943.00 |



Digitally signed by AJITHA
Date: 2024.07.06 14:09:4
Reason: Approval
Location: Kerala

**DEPUTY DIRECTOR**